20-08-2022

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S.** **Editor : Dr. Saritha Vijayan K.**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-20/08/2022.

1. കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്കിനു കീഴിൽ പ്രവർത്തിക്കുന്നതും കർഷകർക്ക് വിവിധങ്ങളായ കൃഷിപ്പണികൾ ചെയ്തു നൽകുന്നതുമായ അഗ്രോസർവ്വീസ് സെന്ററിലേക്ക് കൃഷിപ്പണികൾ അറിയുന്ന 18-നും 50-നും ഇടയിൽ പ്രായമുള്ള യുവതീ യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ട്രാക്ടർ പ്രവർത്തിപ്പിക്കാൻ അറിയുന്നവർക്ക് മുൻഗണന ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495476141** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. ക്ഷീരവികസനവകുപ്പ് ക്ഷീരശ്രീ പോർട്ടൽ വഴി ഓഗസ്റ്റ് 20 വരെ രജിസ്ട്രേഷൻ ഡ്രൈവ് നടപ്പിലാക്കുന്നു. ക്ഷീരകർഷകർക്ക് സമീപത്തുള്ള അക്ഷയകേന്ദ്രങ്ങൾ മുഖേനയും ക്ഷീര സഹകരണ സംഘങ്ങൾ മുഖേനയും ക്ഷീര വികസന ഓഫീസുകൾ മുഖേനയും സ്വന്തം മൊബൈൽ ഫോണിലൂടെയും ഇന്റർനെറ്റ് ഉപയോഗിച്ച് ksheerasree.kerala.gov.in എന്ന പോർട്ടൽ സന്ദർശിച്ച് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കും. എല്ലാ ക്ഷീരകർഷകരും ഇന്നു തന്നെ രജിസ്ട്രേഷൻ പൂർത്തിയാക്കി സ്മാർട്ട് ഐഡി കരസ്ഥമാക്കേണ്ടതാണെന്ന് വകുപ്പ് ഡയറക്ടർ അറിയിച്ചു. ക്ഷീരവികസന വകുപ്പ് മുഖേന നൽകുന്ന എല്ലാ സബ്സിഡി ആനുകൂല്യങ്ങളും കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കാനും ക്ഷീരശ്രീ പോർട്ടൽ വഴി കഴിയും. ഇതേ ഐഡി ഉപയോഗിച്ചു തന്നെ ഭാവിയിൽ മിൽമ, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ ആനുകൂല്യങ്ങളും single sign on വഴി കർഷകർക്ക് ലഭ്യമാക്കാനാകും. രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിന് ക്ഷീര കർഷകർ അവരുടെ ഫോട്ടോ, ബാങ്ക് പാസ്ബുക്ക് പകർപ്പ് എന്നിവയും ആധാർ നമ്പർ, റേഷൻ കാർഡ് നമ്പർ എന്നിവ നല്കുകയും വേണം. കൂടുതൽ വിവരങ്ങൾക്ക് പോർട്ടലിൽ തന്നെ ലഭ്യമായ ഹെൽപ് ഡെസ്ക് നമ്പറുകളിലും അടുത്തുള്ള അക്ഷയ കേന്ദ്രങ്ങളിലും ക്ഷീരസഹകരണ സംഘങ്ങളിലും ക്ഷീരവികസന ഓഫീസുകളിലും ബന്ധപ്പെടാവുന്നതാണ്.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊ



ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ണ്ടാട്ടങ്ങൾ (പാവൽ, വെണ്ട, പയർ), പൊടികൾ വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2370773, 8089173650** എന്നീ ഫോൺ നമ്പറുകളിലോ *ccmannuthy@kau.in* എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ചിപ്പിക്കൂൺ വിത്ത് വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. 300 ഗ്രാം പായ്ക്കറ്റിന് 45 രൂപയാണ് വില. ആവശ്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

**<u>പരിശീലന പരിപാടികൾ</u>**

5. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ആഗസ്റ്റ് 22 മുതൽ 27 വരെയുള്ള തീയതികളിൽ **"ശാസ്ത്രീയമായ പശു പരിപാലനം"** എന്ന വിഷയത്തിൽ 6 ദിവസത്തെ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിന് എത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150 രൂപ ദിനബത്തയും ആകെ 100 രൂപ യാത്ര ബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 – 2440911** എന്ന ഫോൺ നമ്പറിലോ ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ, തിരുവനന്തപുരം- 695004 എന്ന മേൽവിലാസത്തിലോ principaldtctvm@gmail.com എന്ന ഇ മെയിലിലോ ബന്ധപ്പെടേണ്ടതാണ്.

6. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 24-ന് (ആഗസ്റ്റ് 24) രാവിലെ 10 മണി മുതൽ **മുട്ടക്കോഴി വളർത്തലിൽ** ഇൻക്യാമ്പസ് പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **0484 2631355** എന്ന ഫോൺ നമ്പരിൽ വിളിച്ചോ, **9188522708** എന്ന വാട്ട്സാപ്പ് നമ്പരിൽ പേരും പരിശീലന വിഷയവും വാട്ട്സാപ്പ് സന്ദേശമയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **ഉണക്കറബ്ബറിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ** അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. **മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം; റബ്ബർകോമ്പൗണ്ടിങ്; പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ.** (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം **ആഗസ്റ്റ് 29 മുതൽ സെപ്റ്റംബർ 02** വരെ നടത്തും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

8. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

നെല്ല് പൂക്കുന്നത് മുതൽ മൂപ്പെത്തുന്നത് വരെയുള്ള ഘട്ടങ്ങളിൽ നെല്ലിനെ ആക്രമിക്കുന്ന ഒരു കീടമാണ് ചാഴി. ഇവയെ പ്രതിരോധിക്കുന്നതിനായി വയലിലും വരമ്പത്തും ഉള്ള കളകൾ പൂർണമായും നശിപ്പിക്കുക. നെല്ലിൽ ചാഴിയുടെ ആക്രമണം ശ്രദ്ധയിൽപെടുകയാണെങ്കിൽ **മത്തി ശർക്കര മിശ്രിതം 20** മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കാവുന്നതാണ്. ആക്രമണം രൂക്ഷമാകുകയാണെങ്കിൽ രാസകീടനാശിനിയായ **സൈപ്പർ മെത്രിൻ** 10 % EC 0.5 മില്ലി 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കാവുന്നതാണ്. ചാഴിയ്ക്കെതിരെ കീടനാശിനികൾ തളിക്കുമ്പോൾ രാവിലെ 9 മണിക്ക് മുമ്പോ വൈകിട്ട് 3 മണിക്ക് ശേഷമോ ആയിരിക്കണം അല്ലെങ്കിൽ മരുന്ന് തളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും.

കാർഷിക കാലാവസ്ഥാനുബന്ധ വിവരങ്ങൾക്ക് **9446093329, 9778764946** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക;